

# തളിര്

ഗവ.ഹൈസ്കൂൾ വൈത്തിരി

2018-19

# ആശംസകൾ

അംബിക വികെ .

ഹെഡ്മിസ്ട്രസ്സ്




ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ തളിര് വളർന്ന വലുതായി, ഇലയായി ,പൂവായി ,പൂന്തേനായി പരിലസിക്കട്ടെ. തളിരിന്റെ നൈർമല്യവും നിഷ്കളങ്കതയും ഇതിൽ തെളിഞ്ഞു കാണും എന്ന് പ്രതീക്ഷിക്കുന്നു. കൊച്ചു കഥകൾ ,കവിതകൾ, ചിത്രങ്ങൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, ശാസ്ത്രകൗതുകങ്ങൾ തുടങ്ങി ഈ വിദ്യാലയത്തിലെ കുട്ടികളുടെ ഭാവനയെ തളിരണിയിച്ച ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്കും നേതൃത്വം നൽകിയ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ .



ആദ്യമായി മിഴിതുറക്കുന്ന നമ്മുടെ
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
വിദ്യാലയ വിഹായസ്സിൽ
ആയിരം നക്ഷത്രശോഭ വിതറട്ടെ

ആശംസകളോടെ

അനിൽകുമാർ പി,പ്രസിഡൻറ് പി ടി എ

വൈത്തിരി ഗവ.ഹയർസെക്കൻററി സ്കൂളിലെ ലിറ്റിൽ കൈറ്റസ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷം ഉണ്ട്.വിദ്യാർത്ഥികളുടെ വിവരസങ്കേതികരംഗത്തെ മികവുകൾ കണ്ടെത്തി,അവയെ പരിപോഷിപ്പിക്കാൻ ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് കഴിയട്ടെ എന്നാഗ്രഹിക്കുന്നു.

എല്ലാ വിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

പ്രിൻസിപ്പാൾ

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ










# മുഖക്കുറിപ്പ്

ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. കാർഷികരംഗം ഹൈടെക് ആയിക്കഴിഞ്ഞു. വ്യവസായലോകം റോബോട്ടുകൾ കീഴടക്കിക്കൊണ്ടിരിക്കുന്നു. ഇ-ലേണിങ് സാർവ്വത്രികമായിരിക്കുന്നു നമ്മളുടെ കുട്ടികളെ കാലത്തിനൊപ്പം അഥവാ ഒരു ചുവട് മുമ്പോട്ടു ചിന്തിക്കാനും പ്രവർത്തിക്കാനും പ്രാപ്തരാക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്നാ കൂട്ടായ്മയിലൂടെ . ലൈബ്രറിയിൽ പോവുക, പുസ്തകം എടുക്കുക വായിക്കുക എന്നതൊക്കെ ഹൈടെക് തലമുറയിൽ സങ്കീർണ്ണമായ ജോലികളാണ്. പുതുതലമുറയിൽ വായനാശീലം വളർത്തി എടുക്കാനും അവരുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനും നല്ല ഒരു ഉപാധിയാണ് ഇ- മാഗസിൻ.

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അങ്ങനെയൊരു ശ്രമമാണ് തളിര്. തളിരിലൂടെ ഈ വിദ്യാലയത്തിലെ കുട്ടികളും, അധ്യാപകരും അവരുടെ അറിവുകളെ,ചിന്തകളെ കഥയായി, കവിതയായി, ലേഖനമായി, ചിത്രങ്ങളായി, ചിത്രകഥകളായി, എല്ലാവർക്കുമായി പങ്കുവയ്ക്കുന്നു........

## താളുകൾ മറിക്കുമ്പോൾ

സ്വപ്നം.....8
ശലഭവും വെളിച്ചവും.....9
കൊളസ്ട്രോൾ എന്ന ഭീകരൻ.....11
സായന്തനത്തിന്റെ സങ്കീർത്തനം.....13
ഇ- മാലിന്യം ഒളിഞ്ഞിരിക്കുന്ന അപകടമോ?.....16
എന്റെ ഗ്രാമം.....19
എന്നെ അറിയുമോ ?.....20
കേരളം മധുര സ്മരണകളിൽ.....21
മാതൃഭൂമി നന്മ പുരസ്കാരം.....22
കുപ്പിവെള്ളം.....23
ലക്ഷ്യവും ലക്ഷ്യബോധവും.....25
സൂര്യപ്രഭയിൽ ഞാനും.....26
മായാതെ മായുന്ന സന്ധ്യയില് സ്നേഹത്തിൻ സ്വാന്തനം ഞാൻ.....26
ഞങ്ങളും ഇവിടെയുണ്ടായിരുന്നു.....27
ദാഹം.....29
എന്നെ കണ്ടുപിടിക്കാമോ?.....30
ഒരു മുത്തശ്ശി കഥ.....31
കേരളം പ്രളയദിനത്തിൽ.....32
ഡിജിറ്റൽ മാഗസിൻ- ഹൈടെക് വിദ്യാലയത്തിന്റെ സർഗാവിഷ്ക്കാരം.....33
ലിറ്റിൽകൈറ്റ്സ് സ്കൂൾതലക്ളാസ്സ്.....34
എന്റെ സ്വപ്നങ്ങളിലെ.....35
എന്റെ കേരളം.....35
.....35
1956 നവംബർ ഒന്നാണ് നമ്മുടെ ഈ കൊച്ചു കേരളത്തിന്റെ ജന്മദിനമായി നമ്മൾ ആചരിക്കുന്നത് .
ഇത്രയധികം സുന്ദരമായ ഈ കേരളത്തിലെ പച്ചക്കടകളായ മരങ്ങൾ. പരവതാനി വിരിച്ച് പുൽമേട്കളും കളകളും പാടിയൊഴുകുന്ന കാട്ടരുവികളും പൂവും പൂമ്പാറ്റയും തേനും തേനീച്ചയും അങ്ങനെ എല്ലാം കൊണ്ട് സുന്ദരമായിരുന്ന കേരളം.....35
വർണ്ണന.....37
തിരിച്ചറിവ്.....40


M.S.D.P.2012.17
1098
unicef

# സ്വപ്നം

മനുഷ്യത്വത്തിന് പണത്തേക്കാൾ



മൂല്യം ഉണ്ടാകുന്ന  ദിവസം

അണികളെ പോലെ ജീവിക്കുന്ന

നേതാവ് ഉണ്ടാകുന്ന ദിവസം

എല്ലാവിധ  ജനവിഭാഗത്തിനും

സ്വീകാര്യമായ  ഒരു നേതാവും ഒരു മതവും

ഉണ്ടാകുന്ന ദിവസം

മനസ്സുകൾക്കിടയിൽ കോപം

തടസ്സമാവാത്ത തും, നിഷ്കളങ്കമായ

പുഞ്ചിരി എല്ലാവരിലും

വിരിയുന്നതും ആയ  ദിവസം...

വീടിന് ചുറ്റിലും പിന്നെ മനസ്സിലും

മതിൽ കെട്ടിൻെറ  തടസ്സമില്ലാതെസഞ്ചരിക്കാൻ  ഇനിയും ഒരുപാട്.......

ഫർസാന

## ശലഭവും വെളിച്ചവും





എന്താണ് നീ വിഷമിച്ചിരിക്കുന്നത്?

ഒന്നുമില്ല.

നിന്നെ ഞാൻ ഇന്നോ ഇന്നലെയോ കാണാൻതുടങ്ങിയതല്ലല്ലോ .പറയൂ.

അത് ഞാൻ ഈകാര്യം പറഞ്ഞാൽ നിനക്ക് ഉത്തരംഅറിയാമോ എന്ന് എനിക്കൊറപ്പില്ല.

ഓ..എനിക്ക് ആവശ്യത്തിന് വിവരമോക്കെയുണ്ട്.നീപറയൂ.

അത് നമ്മൾവെളിച്ചത്തിലേക്ക് ആകർഷിക്കുന്നത് എന്ത് കൊണ്ടാണ്?



ഓ..ഇതാണോ?നമ്മൾ സഞ്ചാരദിശനിശ്ചയിക്കുന്നത്ചന്ദ്രപ്രകാശംനിരീക്ഷിച്ചാണ് .മറ്റുവെളിച്ചത്തിന്റെ സാന്നിദ്ധ്യത്തിൽ അവയ്ക്ക് ദിശനിർണ്ണയിക്കാൻ കഴിയില്ല.അപ്പോൾ കാണുന്ന വെളിച്ചത്തിന് നേരെ അവ സഞ്ചരിക്കും.ശലഭങ്ങളെ ശേഖരിക്കുന്നവർഇത് ഉപയോഗപ്പെടുത്താറുണ്ട്.കൂടുതലും അൾട്രാവയലറ്റ് രശ്മികളാണ്.



നിർത്ത്..നിർത്ത്..ഈഅൾട്രാവയലറ്റ് എന്താ സാധനം?



ഓം..അത് സൂര്യനിൽ നിന്നും വരുന്ന അപകടകാരിയായരശ്മികളാണ്.

ആ ഇനി പറയൂ.അൾട്രാവയലറ്റ് രശ്മികൾ പുറപ്പെടുവിക്കുന്നപ്രത്യേകതരം വൈദ്യുത ബൾബുകൾ ഉപയോഗിച്ച്നമ്മളെആകർഷിക്കുകയാണ് അവർ ചെയ്യുന്നത്



ഹാ!മനസ്സിലായി




കഴിഞ്ഞില്ല...ചുവപ്പ്,മഞ്ഞ എന്നീപ്രകാശങ്ങൾ അവയ്ക്ക്കാണാൻ കഴിയില്ല.അതുകൊണ്ട് ചുവപ്പ് പ്രകാശമുപയോഗിച്ച്നമ്മളുടെഭക്ഷണരീതികൾ നമ്മളെശല്യപ്പെടുത്താതെ തന്നെ അവർക്ക് പഠിക്കാവുന്നതാണ്

എന്നാൽ,ശരി ഞാൻപോട്ടെ

## കൊളസ്ട്രോൾ എന്ന ഭീകരൻ



കേരളം ഇത് നമ്മുടെ നാട്

നാട്ടിൽനിറയെ ഹോട്ടലുകൾ

അവിടെ നിറയിന്ന ഫാസ്റ്റ് ഫുഡുകൾ

എല്ലാവരും തിന്നുന്നു ചാവാനായി

രുചിയാണോ,നിറമാണോ,മണമാണോ

അതോ ആരോഗ്യമാണോ വേണ്ടത്

അറിഞ്ഞിട്ടുംഅറിയാതെ നിൽക്കുന്ന നമ്മൾ

കഴിക്കുന്ന നമ്മൾ ഈ വിഷഭക്ഷണങ്ങൾ

തടികുറയ്ക്കാനായി ഓടുന്നു ജിമ്മിലേക്ക്

രുചിതേടി പായുന്നഹോട്ടലിലേക്ക്ത

തിന്നുംകുടിച്ചുംരസിച്ചുംനിറയ്ക്കുന്നു വയറിൽ

നിറയുന്ന വിഷങ്ങളെ അറിയുന്നുവോ നമ്മൾ?

ഫാസ്റ്റ്ഫുഡ്കഴിച്ച് നടക്കുന്ന നേരത്ത്

അറിയുന്നില്ലേ കോളസ്ട്രോൾ എന്ന ഭീകരനെ

എന്തുകൊണ്ട്എന്തുകൊണ്ട് നാം

## നാടൻ രുചിയെ മറന്നു

## കൊളസ്ട്രോൾ തേടി പോയതെന്തിന്?

ചിത്തിര,8 എ

# സായന്തനത്തിന്റെ സങ്കീർത്തനം

ചെറുകഥ



എന്നാലും നാരായണാ നീ ഇങ്ങനെ ചെയ്യരുതായിരുന്നു.- എന്തെങ്കിലുമൊന്ന് ഒന്നു മിണ്ട് നാരായണ- നാരായണൻ മിണ്ടിയില്ല. നാരായണന് സംസാരിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അല്ലെങ്കിലും എന്തു പറയണം ജീവിതയാത്രയിൽ പിഴച്ചവൻ അല്ലെ താൻ. ആർക്കെങ്കിലും തന്റെ പ്രവർത്തി ഉൾക്കൊള്ളാൻ കഴിയുമോ. നാരായണൻ വീണ്ടും വായില്ലാക്കുന്നിലപ്പനെ ധ്യാനിച്ചു ,മൗനിയായി. നാരായണേട്ടാ എന്നേംകുട്ടികളെയും ഓർക്കാതെ ഉള്ള ഈ ഇരിപ്പ് കാണുമ്പോൾ എനിക്ക് മരിക്കാനാ തോന്നണേ. ഭാര്യയുടെ കണ്ണീർ തന്റെ മുട്ടുകാലിൽ പതിച്ചപ്പോഴും ഒരു ഞെട്ടൽ പോലും ഉണ്ടായില്ലല്ലോ തനിക്ക് എന്നോർത്തപ്പോൾ നാരായണൻ അമ്പരന്നു.

ആത്മഹത്യചെയ്യാൻ പോയ തന്നെ ആരാണ് പിന്തിരിപ്പിച്ചത്. എന്റെ ഭയം തന്നെയല്ലേ . മൂന്ന് ദിവസം വീടുവിട്ടിറങ്ങിയ ഞാൻ ഏതെല്ലാം മാർഗ്ഗമാണ് നോക്കിയത്. ചാവാൻ കഴിഞ്ഞോ.? വണ്ടിക്ക് ചാടാൻ തക്കസമയത്ത് ചെന്നുനിന്നു. ട്രെയിന്റെ ശബ്ദം പേടിപ്പെടുത്തി തിരിച്ചുപോന്നു. പുഴയുടെ ഓളങ്ങൾ കരാള നൃത്തമായി കണ്ടു. കയറുകൾ എടുക്കാൻ പോലും തോന്നിയില്ല. മണ്ടൻ ഇത്ര ഭയമുള്ള താനാണ്.... ചിരിച്ചുപോയി.ചിരിക്കുന്നത്കണ്ട് എല്ലാവരും തന്നെഉറ്റ നോക്കുന്നു..നാരായണന് ലജ്ജ തോന്നി. -ഇവനെ ഒന്നു മാറ്റികുട്ടണം- കണാരൻ പറഞ്ഞു.കമ്മള് വല്ലാണ്ട് പേടിച്ചമട്ടാണ്.ആ രാമപണിക്കർ ഇത് വേരോടെമാറ്റികൊള്ളൂ.രാമപണിക്കർ വന്നു.വെളിച്ചപ്പാട്ഉറഞ്ഞു തുള്ളി.വെളിച്ചപ്പാട് വാളായി നാരായണൻ

മാത്രംമൗനിയായി.ഒരിക്കലുംഓർക്കാൻ ഇഷ്ടപ്പെടാത്ത ആ കാര്യം മനസ്സില്നിന്ന്മായാതെ ഞാൻ എങ്ങിനെ സംസാരിക്കും,എന്തു പറയും.ജീവിതയാത്രയിൽ എവിടെയോ വച്ച് പരിചയപ്പെട്ട അവർ കഷ്ടതകളുംമോഹങ്ങളുംസ്വപ്നങ്ങളുംതന്ന്,ഒടുവിൽജീവിതത്തിൽതനിക്ക് യാതൊരുസ്ഥാനവും ഇല്ലെന്ന് ഒരുമടിയുംകൂടാതെമുഖത്ത് നോക്കി പറഞ്ഞപ്പോൾതളർന്നുപോയി.

നല്ലൊരു സുഹ്രത്തായി മാത്രമാണ് പരിചയംആരംഭിച്ചതെങ്കിലും,എപ്പോഴോ എവിടെയൊവച്ച് അതൊരുപ്രണയമായി.

ഒട്ടുംശരിയായിരുന്നില്ല.എന്നിട്ടും എനിക്ക്അടക്കാനാവാത്ത ദുഃഖമുണ്ടായി.മരണം വരിക്കാൻതീരുമാനിച്ചു.കഷ്ടം,ഞാൻ ഒരിക്കലുംനന്നാവില്ലേ?

ആത്മാവിൽനി ന്ന് ഊർജ്ജ അവസ്ഥ കൈകൊണ്ട് നാരായണൻ വീട്ടുവിട്ടിറങ്ങി. ദീർഘമായ സഞ്ചാരം ഉയർന്ന ഹൃദയമിടിപ്പുകൾ, കുറുമ്പില ഭഗവതിയുടെ തേവാര സ്ഥലം, നാറാണത്തുഭ്രാന്തൻ മുന്നിൽനിന്ന് നൃത്തം ചവിട്ടി ,ഉറക്കെയുറക്കെ ചിരിച്ചു .പേടിച്ച് കണ്ണുപൊത്തിയ തന്റെ മുമ്പിൽ ഭഗവതിയുടെ മനോഹരമായ ഗാനം ,കണ്ണുതുറക്കാതെ ദേവിയെ പ്രാർത്ഥിച്ചു വളരെ ഉച്ചത്തിൽ ദേവിയെ സ്തുതിച്ചു ഗാനത്തിന്റെ മാസ്മരികത , തന്റെ കണ്ണുകൾ മെല്ലെ തുറന്നു മുന്നിൽ ചിരിതൂകി തന്നെ സ്നേഹത്തോടെ നോക്കുന്നു, തലോടുന്നു .തന്റെകണ്ണുകൾക്ക് വിശ്വസിക്കാനാവാത്ത അവസ്ഥയിൽ നാരായണൻ ഒന്നു മനസ്സിലാക്കി ഭഗവതിക്ക് തന്റെ ഭാര്യയുടെ രൂപമായിരുന്നു.

ഗണേഷ് എം, എം എച്ച്എസ് എ

## ഇ- മാലിന്യം ഒളിഞ്ഞിരിക്കുന്ന അപകടമോ?

ഉപയോഗശൂന്യമായ കമ്പ്യൂട്ടർ, ടിവി, തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഈ മാലിന്യങ്ങൾ ഇവ അന്തരീക്ഷം, മണ്ണ്, മണ്ണ് , ജലം, തുടങ്ങിയവയെല്ലാം മലിനമാകുന്നു.

ഒരു വർഷം ഏകദേശം 500 മില്ല്യൻ ഇ- വേസ്റ്റ് ലോകത്ത് ഉണ്ടാക്കുന്നു . ഇത് ഓരോ വർഷവും ക്രമാതീതമായി കൂടുന്നു. സർക്യൂട്ട് ബോർഡ്, ബാറ്ററി, കാഥോഡ്റേ ട്യൂബ്,കപ്പാസിറ്റർ,അയൺ, തുടങ്ങിയവയിൽ ധാരാളം ഹെവി മെറ്റൽ ഉണ്ട് . കൂടാതെ ഗോൾഡ് , സിൽവർ, പ്ലാറ്റിനം, കോപ്പർ, ബേരിയം തുടങ്ങിയ അനേകം ലോഹങ്ങളും പ്ലാസ്റ്റിക്കുകളുംഅടങ്ങിയിരിക്കുന്നു.കത്തിച്ചാൽഡയോക്സൈഡ് ഉണ്ടാകുകയും വായു മലിനമാകുകയും ചെയ്യും. ഇവ മണ്ണിൽ കലർന്നാൽ മണ്ണ് മലിനമാകുന്നു. അങ്ങനെ സസ്യങ്ങളിൽ എത്തുന്നു. സസ്യങ്ങളുടെ വളർച്ചയെയും ഇതു ബാധിക്കുന്നു. മണ്ണിൽനിന്ന് ഈ വിഷപദാർത്ഥങ്ങൾ ജലത്തിലും, ഭൂഗർഭ ജലത്തിലും എത്തുന്നു. അങ്ങനെ ഇവ ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളെയും പ്രത്യക്ഷമായി ബാധിക്കും.

മനുഷ്യനിൽ നാഡീവ്യൂഹം, വൃക്കകൾ, തലച്ചോറ്, കരൾ, ഡിഎൻഎ, എന്നിവയെ ബാധിക്കുന്നു. ക്യാൻസർ രോഗത്തിനുള്ള സാധ്യത ബ്രോങ്കൈറ്റിസ്, ത്വക്ക് രോഗം തുടങ്ങിയവമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. ഈ മാലിന്യങ്ങളിലെ പ്ലാസ്റ്റിക്കുകൾ പരിസ്ഥിതിക്കു ദോഷം ഉണ്ടാകുന്നു.

ഇപ്പോൾ കേരള സർക്കാർ ഈ മാലിന്യങ്ങൾ ശേഖരിച്ച


ശാസ്ത്രീയമായി സംസ്കരിക്കാനുള്ള പ്രവർത്തന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വീടുകളിലെ ഈ മാലിന്യം ഹരിത കർമ്മ സേനകൾ മുഖേന ശേഖരിച്ച ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. അവർ ഹൈദരാബാദിലുള്ള സംവരണ യൂണിറ്റിലേക്ക് കയറ്റി അയക്കുന്നു അവിടെ വെച്ച് അ വ ശാസ്ത്രീയമായി സംസ്കരിക്കും.

ആധുനിക ജീവിതത്തിലെ അനിവാര്യമായി മാറിയഇ-മാലിന്യങ്ങൾ മണ്ണിലേക്ക് വലിച്ചെറിഞ്ഞാൽ അത് നമ്മെ തന്നെ നശിപ്പിക്കും എന്നോർക്കുക, എപ്പോഴും.



സ്നേഹ,10 ബി.

## എന്റെ ഗ്രാമം



# എന്നെ അറിയുമോ ?

ഹായ് കൂട്ടുകാരെ ,

ഞാനാരാണെന്ന്നിങ്ങൽക്കെല്ലാവർക്കുംഅറിയാമ-ല്ലോ? എന്റെ ജനനം മലേഷ്യയിലാണ്. ഇപ്പോൾ



എന്റെ പേര് കേട്ടാൽ നിങ്ങൾ ഞെട്ടിവിറയ്ക്കും. എനിക്ക്അത് കാണാൻ വളരെ ഇഷ്ടമാണ് .ഞാൻ കഴിച്ച ഭക്ഷണം നിങ്ങൾ കഴിക്കുമെങ്കിൽ എന്റെ സ്-നേഹ സമ്മാനം നിങ്ങക്ക് തരും. ആ സമ്മാനം നിങ്ങ-ൾക്ക് കാണാൻ മാത്രമല്ല അനുഭവിച്ചറിയാനും പറ്റും.

ഹി ഹി ഹി മണ്ടൻമാരായ മനുഷ്യർ .അവർ ഞാൻ പറയുന്നതെല്ലാം വിശ്വസിച്ചു .ഹാവൂ, രക്ഷപ്പെട്ടു. അങ്ങ-നെ മനുഷ്യരുടെ ശല്യം ഒഴിഞ്ഞുകിട്ടുമല്ലോ? ഞാൻ കഴിച്ച ഭക്ഷണം അവർകഴിക്കുമ്പോൾ അവർക്ക് വൈറസ് ബാധിക്കും .ഒരാൾക്ക് ആ വൈറസ് രോഗം വന്നാൽ അത് മറ്റൊരാളിലേക്ക് പടർന്നുകയറുകയും അങ്ങനെ മനുഷ്യർ ഈ ഭൂലോകത്തുനിന്നു വിടപറയും .അപ്പോൾ ഞങ്ങൾ ഇവിടെ അവസാനം ഉറപ്പിക്കും. ഈ മനുഷ്യർ എന്തു പൊട്ടൻമാരാല്ലേ? ഒരു വലിയ സമ്മാനം തരാമെന്നു പറഞ്ഞപ്പോൾ അ-വർ അതുകഴിച്ചു. അങ്ങനെ എനിക്ക് ഒരുപാടുകാലം ജീവിക്കാം.എന്നെ മനസ്സിലായില്ലേ. ഇത്രയും നേരം എന്റെ കഥ കേട്ടനുസരിച്ചല്ലോ? എന്നാപറയൂ ഞാനാരാണ്?

നയന പി,8 എ

## കേരളം മധുര സ്മരണകളിൽ

മനമാം മരുഭ്രമിയിലെ

മരുപ്പച്ചയാണെൻ കേരളം

കാലചക്രത്തിൻ പൊൻ

വർണ്ണമാണെൻ കേരളം

മാഞ്ഞു പോയൊരാ ..

മാമ്പഴക്കാലവും



പെയ്തു തീർന്നൊരാ...

പേമാരി കാലവും

പൂത്തുലഞ്ഞൊരാ

തിരുവോണ രാവും

പാടിത്തീരാത്ത കുയിലിൻ നാദവും

ഇന്നും എന്നുള്ളിൽ മായാതെ നിൽപ്പൂ.......

# മാതൃഭൂമി നന്മ പുരസ്കാരം



# കുപ്പിവെള്ളം

ടൗണിലെ ഒരു കടയിൽനിന്നും അപ്പുവിന് ബാഗും കുടയും വാങ്ങി വരികയായിരുന്നു അപ്പുവും അപ്പുവിന്റെ അച്ഛനും അമ്മയും

വല്ലാത്ത ദാഹം അപ്പു അമ്മയെ നോക്കി കുസൃതിച്ചിരിയോടെ പറഞ്ഞു. എന്താ വേണോ , നിറമുള്ള പാനീയങ്ങളിൽ വിരൽചൂണ്ടി അച്ഛൻ ചോദിച്ച .ഇത്തരം പാനീയങ്ങൾ കുടിച്ചാൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പെട്ടെന്നാണ് അപ്പു ഓർത്തത് . അവൻ വേണ്ട എന്ന് തലയാട്ടി. അതെന്താ മോനേ. ആ വെള്ളമൊക്കെ കുടിക്കാൻ നല്ല രസമാണ് വേണോ? വീണ്ടും അച്ഛൻറെ ചോദ്യം. എനിക്ക് വേണ്ട അപ്പു പറഞ്ഞു എന്റെ അച്ഛന് അറിയില്ലല്ലോ വൃത്തിയില്ലാത്ത ജലത്തിൽ രാസവസ്തുക്കൾ ചേർത്താണ് ഈ വെള്ളം നിർമ്മിക്കുന്നത് എന്ന്.മാത്രമല്ല ഈ കുപ്പിയുടെ ജനനം ക്രൂഡ് ഓയിലിൽ നിന്നാണ് .ക്രൂഡ് ഓയിൽ ഞാൻ അങ്ങനെ ഒരു പേര് കേട്ടിട്ടേയില്ല അച്ഛൻറെ മറുപടി .സാരമില്ല മറ്റൊരു കാര്യം ഈ കുപ്പിയുടെ പേരെന്താണെന്ന് അറിയാമോ ?അറിയില്ല അമ്മയുടെ മറുപടി .പോളി എത്തിലിൻ ടെർത്താലേറ്റ്. എന്നാണ് ഇതിൻറെ പേര്

ഇതിനെ എല്ലാവരും ചുരുക്കി പെറ്റ് എന്നുവിളിക്കുന്ന .ഇതിന്റെ അടിവശത്ത് ഒരു നമ്പർ കണ്ടോ അതൊന്നു വായിച്ചേ ."നിനക്ക് ക്ലാസ്സിൽ റോൾ നമ്പർ ഇല്ലേ. അതുപോലെ ഇതിനും നമ്പർ ഉണ്ടോ"? അമ്മയുടെ ചോദ്യം.


" ഇത് എൻറെ ക്ലാസ്സിലെ നമ്പർ പോലെയല്ല·. കുപ്പി ഉണ്ടാക്കാൻ ഉപയോഗിച്ച പ്ലാസ്റ്റിക്കിന്റെ ഗുണനിലവാരം തിരിച്ചറിയാനുള്ള നമ്പറാണ്·എല്ലാ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളിലും ഈ നമ്പർ ഉപയോഗപ്പെടുത്തണമെന്നാണ് നിയമം. ഓരോ നമ്പറിലും ഉള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗവും വ്യത്യസ്തമാണ്. അപ്പു പറഞ്ഞു .ഈ നമ്പറിന് പിന്നിൽ ഇത്രയൊക്കെ കാര്യമുണ്ടല്ലെ. അച്ഛൻ ചോദിച്ച .ഉണ്ട് എന്റെ അപ്പൂപ്പൻ ആവാൻ പ്രായമുണ്ട് ഈ കുപ്പിക്ക് .എൻെറ അപ്പു നിൻെറ ഒരു തമാശ അമ്മ പറഞ്ഞു . അമ്മേ ഞാൻ പറഞ്ഞത് തമാശയല്ല കാര്യമാണ് .പ്ലാസ്റ്റിക് കുപ്പിയുടെ ജനനം 1941 ലാണ് എങ്കിലും 1970 കൾക്കു ശേഷമാണ് കൂടുതലായി ഉപയോഗിക്കാൻ തുടങ്ങിയത് ,അതും വിദേശികൾ .കുപ്പികൾ ഉപകാരികൾ ആണ് ശ്രദ്ധിച്ചില്ലെങ്കിൽ കുഴപ്പക്കാരനാണ് .ചൂട് കുപ്പിക്ക്



ഇഷ്ടമല്ല ചെറിയ ചൂട് പോലും താങ്ങാൻ ആവുകയില്ല നിറത്തിനും ഉറപ്പിനും വേണ്ടി രാസവസ്തുക്കൾ ഒക്കെ ചേർത്താണ് കുപ്പി നിർമിച്ചിരിക്കുന്നത് . ചൂടാകുമ്പോൾ താലേറ്റ് എന്ന രാസവസ്തു വെള്ളത്തിൽ കലരുകയും ഈ വെള്ളം കുടിച്ചാൽ ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ പിടിപെടുകയും ചെയ്യും. അയ്യോ! അമ്മയും അച്ഛനും പേടിച്ച് മാറി നിൽക്കുകയാണല്ലോ .പേടിക്കേണ്ട ശ്രദ്ധിച്ച് ഉപയോഗിക്കുക .അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കുക. ഇത്രയും ഓർത്തിരുന്നാൽ മതി .അപ്പോൾ ഉപയോഗ ശേഷമോ ദൂരേക്ക് വലിച്ചെറിയാം അമ്മയ്ക്ക് സംശയം അമ്മേ അച്ഛാ ഇനി ഞാൻ നിങ്ങൾക്ക് പറഞ്ഞുതരേണ്ട തല്ല. നിങ്ങളെനിക്ക് പറഞ്ഞത് തരേണ്ടതാണ്. എന്തുചെയ്യാനാ നിങ്ങളുടെ അത്ര വിവരം ഞങ്ങൾക്ക് ഇല്ലല്ലോ .ഞങ്ങൾക്ക് നാലാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസമേ ഉള്ളൂ .പ്ലാസ്റ്റിക് വലിച്ചെറിയരുത് കത്തിക്കരുത് കടലാസോ ഇലയോ പോലെ . മണ്ണിൽ അലിയാനോ കത്തിത്തീരാനോ പ്ലാസ്റ്റിക്കിന് സാധിക്കില്ല . ഒരിക്കലും നശിക്കാതെ മണ്ണിൽ കിടക്കുകയും മണ്ണിലേക്ക് വെള്ളം ഇറങ്ങാൻ ആകാതെ മലിനജലം കെട്ടിക്കിടക്കിടന്ന് രോഗാണുക്കൾ വളരുകയും ചെയ്യും. കത്തുമ്പോഴോ? അച്ഛൻ ചോദിച്ചു .വിഷവാതകം ഉണ്ടാകും .അന്തരീക്ഷവായുവിൽ കലരും അത് മലിനമാകും ശ്വസിച്ചാൽ രോഗങ്ങൾ ഉണ്ടാകും അമ്മയും അച്ഛനും അവൻറെ കവിളിൽ ഉമ്മ കൊടുത്തു എനിക്ക് ഇത്രയും മനസ്സിലാക്കിത്തന്നതിന് എൻറെ അപ്പുവിന് നന്ദി .എന്നോടല്ല നന്ദി പറയേണ്ടത് എന്നെ പഠിപ്പിച്ച ലിസി ടീച്ചറോട് ആണ്. അവർ പഴങ്ങൾ വാങ്ങി വീട്ടിലേക്കു മടങ്ങി നല്ല ജ്യൂസ് ഉണ്ടാക്കി കുടിച്ചു.



# ലക്ഷ്യവും ലക്ഷ്യബോധവും



കുട്ടിക്കാലത്ത് പഠിച്ച ഒരു ചരിത്ര കഥ ഓർമ്മയിൽ നിന്നും മായാതെ ഇപ്പോഴും തങ്ങിനിൽക്കുന്ന അതിപ്രകാരമാണ് ഫ്രാൻസിലെ ഒരു മനോഹര ഗ്രാമം ഒരു സാധാരണ കുടുംബത്തിലെ കുട്ടിയാണ് മാപ്പ് . നാലാം ക്ലാസിലാണ് അവൻ പഠിക്കുന്നത് അദ്ധ്യാപകൻ വിഷമം പിടിച്ച ഒരു കണക്ക് കുട്ടികൾക്ക് ചെയ്യാനായി നൽകി അദ്ദേഹത്തിന് കുറച്ചുസമയം വിശ്രമിക്കണം കുഴഞ്ഞ് ഈ കണക്കുമായി കുട്ടികളെല്ലാം ഗുസ്തി പിടിച്ച കൊണ്ടിരുന്ന സമയം കളയുമല്ലോ എന്ന് കരുതിയാണ് ആ കണക്ക് അദ്ദേഹം അവർക്ക് നൽകിയത് സ്കൂൾ വിടുന്ന സമയംവരെ ആരും ഉത്തരം നൽകിയില്ലകുട്ടികളെല്ലാം വീട്ടിലെത്തിയിട്ടും നമ്മുടെ മാപ്പ് മാത്രം എത്തിയില്ല കുടുംബക്കാർ മുഴുവൻ അന്വേഷിച്ച ഫലം നിരാശ മാത്രം സ്കൂളിലെ ക്ലാസ് മുറിക്കുള്ളിൽ വെളിച്ചംകണ്ട അയൽവാസിയും കൂട്ടരും അദ്ധ്യാപകനും ഉൾപ്പെടെ തിരക്കി ചെന്നപ്പോൾ മെഴുകുതിരി വട്ടത്തിലിരുന്ന് കണക്ക് ചെയ്തുകൊണ്ടിരിക്കുന്ന പിന്നെയാണ് മാപ്പ് കണ്ടത് അധ്യാപകനെ കണ്ട ഉടനെ ഉത്തരം കിട്ടി എന്നുപറഞ്ഞുകൊണ്ട് ഓടിവന്ന അവനെ കെട്ടിപ്പിടിച്ചുകൊണ്ട് അധ്യാപകൻ പറഞ്ഞു നീ സാധാരണക്കാരനല്ല ഭാവിയിൽ നീ വലിയ ഒരാൾ ആയി തീരും.

അന്ന് ക്ലാസ്സ് മുറിയിലിരുന്ന് കണക്ക് ചെയ്തുകൊണ്ടിരുന്ന കുട്ടിയാണ് പിന്നീട് ലോകം മുഴുവൻ അറിയപ്പെട്ട നെപ്പോളിയൻ ബോണപ്പാർട്ട് കുട്ടിക്കാലത്തുതന്നെ അദ്ദേഹത്തിനുണ്ടായിരുന്ന നിശ്ചയദാർഢ്യം ഇക്കാലത്തും പ്രകടമായിരുന്നു ഏതെങ്കിലും ഒരു കാര്യം ഉദ്ദേശിച്ച കഴിഞ്ഞാൽ ആ മനസ്സിൽ ലക്ഷ്യമെന്ന് ഒരു ബിന്ദു മാത്രമേ ഉണ്ടാകൂ അതിന് വേണ്ടി എത്ര കഷ്ടപ്പെടാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല ലക്ഷ്യബോധമുള്ള ഒരുവന്റെ ശക്തി അയാളുടെ അധ്വാനമാണ് ലക്ഷ്യബോധവും അധ്വാനവും കൈമുതലുള്ള ഒരാളെയും ആർക്കും പരാജയപ്പെടുത്താൻ ആവില്ല ഒന്നിനെ അഭാവത്തിൽ മറ്റേത് അർത്ഥശൂന്യമോ നിർജ് നിർജ്ജീവമോ ആയി തീർന്നേക്കാംചിലരുടെയെങ്കിലും കാര്യത്തിൽ തുടക്കവും ഒടുക്കവും പെട്ടെന്ന് സംഭവിച്ചേക്കാം. .എടുത്തു ചാട്ടക്കാർ ആണവർ. മറുതീരം വ്യക്തമായി കാണുന്നില്ലെങ്കിൽ നീന്തൽ കാരന് അക്കരെ എത്തുക എത്ര ദുഷ്കരമാണ് മറ്റു ചിലരുണ്ട് അവർക്ക് തുടക്കം എപ്പോഴും പ്രയാസമായിരിക്കും എങ്കിലും മടിച്ച നിൽക്കില്ല ഒരിക്കൽ തുടങ്ങി കിട്ടിയാൽ എന്തുവിലകൊടുത്തും അവർ ലക്ഷ്യം കണ്ടിരിക്കും.ഈ ഡിജിറ്റൽ മാഗസിനിലേക്ക് എന്റെ കുട്ടികൾക്ക് നൽകാനുള്ള ഏറ്റവുംവലിയ സമ്മാനവും ഇതാവട്ടെ!

ശകുന്തള പി കെ

# സൂര്യപ്രഭയിൽ ഞാനും

## മായാതെ മായുന്ന സന്ധ്യയില് സ്നേഹത്തിൻ സ്വാന്ത്വനം ഞാൻ


മിന്നുന്ന താരമായ് മായുന്ന
സ്നേഹത്തിൻ സൂര്യൻ .....!
മുല്ലമൊട്ടുകൾ തേങ്ങിക്കരയുമ്പോൾ
സൽസ്വഭാവിയാം മാമ്പഴത്തിൻ
സ്വാദ് പോലും നൊമ്പരം കൊള്ളുന്നു
നിൻ വിരഹത്താൽ
വാചാലമായ് വാക്കുകൾ തൻ
മായാജാലം സൃഷ്ടിക്കും മനുഷ്യനും,
വാടാത്ത പൂവിനെ വിവാഹം ചെയ്യും
മന്ദമാരുതനും, പൂക്കളെച്ചുംബിക്കും
മായാടിയാം വണ്ടുകളും
നിദ്ര യിലാണ്ടുപോകും
മായാവലയം തീർത്ത നിൻ വിരഹത്താൽ
അംബരം തന്നിൽ അംബുജം പോലെ
ആനന്ദമാഗ്രഹിച്ച ആദിത്യാ....
അനന്തമാവഴി അങ്ങയുടെ സുഖത്തിനായ്
അനലനും അനിലനും അങ്ങേക്കു
മുമ്പിൽ ശിരസ്സ് നമിക്കുന്നു...!
ഭൂമിയമ്മക്ക് വെളിച്ചം നൽകും
നിൻമുമ്പിൽ ശിരസ്സ് നമിക്കുന്നു, അടിയനും നൂറായിരം
കോടി വർഷങ്ങൾ കൂടി ആരോഗ്യം നേരുന്നിതാ....

അജന്യ

10 എ

## ഞങ്ങളും ഇവിടെയുണ്ടായിരുന്നു.

പണ്ട് ഒരു ദിവസം വംശനാശത്തിനിരയായ ജീവികളും വംശനാശഭിഷണി നേരിടുന്ന ജീവികളും ചേർന്ന് നടത്തിയ ഒരു ചർച്ചയുടെ തലവനായ ഡോഡോ ആദ്യമെഴുന്നേറ്റ് തൻെറ  കഥ പറയുവാൻ തുടങ്ങി.
ഡോഡോ സംസാരിക്കാൻ തുടങ്ങിയപ്പോൾ  സഭ നിശബ്ദമായി.ഡോഡോ പറഞ്ഞുതുടങ്ങി.
ഞാനാണ്  ഡോഡോ.ഇന്ത്യൻ മഹാസമുദ്രത്തിൽ മൗറീഷ്യസ് ദ്വീപിൽ മാത്രം കാണപ്പെട്ടിരുന്ന പ്രാവുവർഗത്തിൽപ്പെട്ട ഒരു പക്ഷിയായിരുന്നു ഞാൻ.
എനിക്ക് പറക്കാൻ കഴിവുണ്ടായിരുന്നില്ല.
എനിക്ക് 12
മുതൽ 24Kg വരെ ഭാരമുണ്ടായിരുന്നു.ഞാൻ മൗറീഷ്യയിൽ സുഖമായി ജീവിച്ച് കൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ നാട്ടിൽ കപ്പലിറങ്ങിയ
പോർച്ചുഗീസുകാരിൽ നിന്നാണ് എന്നെക്കുറിച്ച് പുറംലോകം അറിയുന്നത്.എന്നാൽ 1500 റോടെ അതായത് എന്നെക്കുറിച്ചറിഞ്ഞ് 300 വർഷങ്ങൾക്കുള്ളിൽ തന്നെ എനിക്ക് വംശനാശം സംഭവിച്ചു.എന്റെ മാംസളമായ ശരീരവും മന്ദഗതിയിലുള്ള സഞ്ചാരവും എന്നെ മനുഷ്യരുടെ തോക്കിനിരയാക്കി.ഡോഡോയുടെ സംസാരം നിൽക്കുന്നതിനുമുൻപേ ആരുടെയോ കരച്ചിൽ സഭയിൽ മുഴങ്ങികേട്ടു.എല്ലാവരും ആ ഭാഗത്തേക്ക് തിരിഞ്ഞപ്പോൾ അതാ




നിൽക്കുന്നു.എല്ലാവരുടേയും പ്രിയ കൂട്ടുകാരി കാൽവേറിയ മേജർ.പെട്ടെന്ന് സഭയുടെ തലവനായ സിംഹവാലൻ ചോദിച്ചു.

28

"എന്തുപറ്റി കാൽവേറിയ".

കാൽവേറിയ കരഞ്ഞുകൊണ്ട് പറഞ്ഞു.എനിക്ക് വംശനാശം വരാൻ കാരണം ഈ ഡോഡോയാണ്.എന്റെ വളരെ കട്ടികൂടിയ പഴങ്ങളുടെ പുറം തോട് മൃദുവായിരുന്നു.അങ്ങനെയുള്ള എന്റെ മാത്രമെ മുളയക്കുകയുണ്ടായിരുന്നുള്ളൂ.ഡോഡോ എന്റെ പഴങ്ങൾ ഭക്ഷിച്ച് അവളുടെ ആമാശയത്തിലൂടെ കടന്നുപോയി.ഡോഡോ നശിച്ച് 100 വർഷങ്ങൾക്കുള്ളിൽ തന്നെ ഞങ്ങളുടെ എണ്ണം പതിമൂന്ന് ആയി കുറഞ്ഞു.ഇപ്പോൾ ഞാൻ വംശനാശത്തെ അതികടിനമായി നേരിടുന്നു. കാൽവേറിയാ പറഞ്ഞു നിർത്തി.



കാൽവേറിയ പറഞ്ഞതിനുശേഷം സഞ്ചാരിപ്രാവും ചെന്നായയും തന്റെ ജിവിതത്തിലുണ്ടായ കുറെ അനുഭവങ്ങൾ പങ്കുവെച്ചു.അതിനുശേഷം ഇപ്പോൾ വംശനാശഭീഷണി നേരിട്ട് കൊണ്ടിരിക്കുന്ന സഭയുടെ നേതാവായ സിംഹവാലൻ കുരങ്ങ്,വെരുക്,ചീറ്റപുലി എന്നിവർ അവരുടെ അവസ്ഥകളും സഭയിൽ വിശദീകരിച്ചു.സഭയുടെ അവസാനം സഭയുടെ നേതാവായ സിംഹവാലൻ കുരങ്ങ് വന്ന് ഇങ്ങനെ പറഞ്ഞു."നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണക്കാർ മനുഷ്യരാണ്.ഇനിയെങ്കിലും

ഈ മനുഷ്യർ നമ്മളെ ഉപദ്രവിക്കുന്നത് നിർത്തിയിരുന്നെങ്കിൽ എന്ന് മാത്രം പറഞ്ഞ് കണ്ണിരൊപ്പിക്കൊണ്ട് സിംഹവാലൻ കുരങ്ങ് തന്റെ വാക്കുകൾഅവസാനിപ്പിച്ചു.സഭ പിരിച്ചുവിട്ടു.

## ദാഹം

ചില വിയർപ്പുതുള്ളികൾ

നിലനിൽപ്പിനും വേണ്ടിയും

ചില ചിന്തകൾ അറിവിനു വേണ്ടിയും

ചില ഹൃദയങ്ങൾ ഒരിറ്റ് സ്നേഹത്തിന് വേണ്ടിയും

ചില്ല് കയ്യക്ഷരങ്ങൾ സുന്ദരമായ

വായനയ്ക്ക് വേണ്ടിയും

ചില ദയനീയത കൾ

സംതൃപ്തമായ ഒരു അസ്തമയത്തിനു

വേണ്ടിയും


ചില ഓളങ്ങൾ സുന്ദരമായ പുഴമാടിനു വേണ്ടിയും

ചില മരുഭൂമികൾ ഒരിറ്റു തണലിനു വേണ്ടിയും

1. ഫർസാന

## എന്നെ കണ്ടുപിടിക്കാമോ?

ഹായ് കൂട്ടുകാരെ,എന്നെ എല്ലാവർക്കും പരിചിതമാണ്. ഡങ്കിപ്പനിയുടെ ലക്ഷണങ്ങളോട്ടു കൂടിയ ഞാൻ.ആഫ്രിക്കയിലാണ് ഉടലെടുത്തത്.പ്രാണികളിൽ കാണപ്പെടുന്ന ആൽഫാവൈറസായി എന്നെ ഈഡിസ് കൊതുകുകളാണ് പരത്തുന്നത്.എന്റെ പേരിന്റെ അർത്ഥം വളഞ്ഞുനിൽക്കുക എന്നതാണ്.എന്നിലൂടെ നിങ്ങൾ കാത്തിരിക്കുന്നത് നിങ്ങളുടെ മരണമാണ്.ഓരോരുത്തരായി ഞാൻ കൊല്ലുന്നു എങ്കിൽ പറ ഞാനാര്?.



# ഒരു മുത്തശ്ശി കഥ

ഒരു വന്മരത്തിലെ വലിയ പൊത്തിൽ ഒരു അന്ധനായ കഴുകൻ പാർത്തിരുന്നു. ആ മരത്തിലെ താമസക്കാരനായ മറ്റു പക്ഷികൾക്ക് ഒക്കെ ആ കഴുകനോട് സ്നേഹവും കാരുണ്യവും ഉണ്ടായിരുന്നു. അതുകൊണ്ട് അവരെല്ലാം താങ്ങളുടെ ഭക്ഷണത്തിൻെറ ഒരു ഭാഗം കഴുകനും നൽകിയിരുന്നു. അതിനുപകരമായികഴുകൻ പക്ഷികളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ചുമതല ഏറ്റെടുത്തിരുന്നു. ഒരിക്കൽ ഒരു പൂച്ച അതുവഴി വന്നു മരത്തിലെ കിളി കൂട്ടകളിൽ കുഞ്ഞുങ്ങൾ കരയുന്ന ശബ്ദം അവൻ കേട്ടു അവന് കൊതി സഹിക്കാനായില്ല. അവൻ മരത്തിലേക്ക് മെല്ലെ കയറി പൂച്ചയെ കണ്ടപ്പോൾ കുഞ്ഞുങ്ങൾ ഭയന്ന് ഉറക്കെ ചിലക്കാൻ തുടങ്ങി. അതുകേട്ട് മരപ്പൊത്തിൽ നിന്ന് കഴുകൻ പുറത്തുവന്നു ആരാണത്? കഴുകൻ അങ്ങോട്ടുമിങ്ങോട്ടും തല തിരിച്ചു ചോദിച്ചു. അതുകണ്ടപ്പോൾ കഴുകനും കണ്ണു കാണുന്നില്ല എന്ന് പൂച്ചയ്ക്ക് മനസ്സിലായി. പൂച്ച കഴുകനെ പററിക്കാനായി പറഞ്ഞു മഹാത്മാവായ കഴുകാ.. ഞാൻ അങ്ങയെ കാണാൻ വന്ന ഒരു പൂച്ചയാണ് പൂച്ചയോ നീ എന്തിനിവിടെ വന്നു? കടന്നുപോകൂ.

ഞാൻ അങ്ങയെ യോ ഈ പക്ഷി കുഞ്ഞുങ്ങളെയോ ഉപദ്രവിക്കാൻ വന്നതല്ല. അങ്ങ് ധാരാളം കിളി കുഞ്ഞുങ്ങളെ കാരുണ്യപൂർവ്വം പരിപാലിച്ചു വരുന്നുവെന്ന് കേട്ടുതുമുതൽ അങ്ങയെ കാണാൻ ഞാൻ ആഗ്രഹിക്കുകയാണ് എന്നെ അങ്ങ് ശിഷ്യനായി സ്വീകരിക്കണം. എന്നെ അനുഗ്രഹിച്ചാലും. പൂച്ച തൊഴുതുകൊണ്ട് പറഞ്ഞു. പൂച്ചയുടെ പുകഴ്ത്തൽ കഴുകന് ഇഷ്ടപ്പെട്ടു എങ്കിലും കഴുകൻ മുൻകരുതൽ വെടി ഞ്ഞില്ല കഴുകൻ പറഞ്ഞു ശരി ഞാൻ നിന്നെ ശിഷ്യനായി അംഗീകരിക്കാം പക്ഷേ നീ ഈ പക്ഷിക്കുഞ്ഞുങ്ങൾക്ക് അപകടകാരി തന്നെയാണ്.അല്ല മഹാത്മാവേ അങ്ങ് ഒന്നുകൊണ്ടും പേടിക്കേണ്ട. ഞാൻ മാംസവും മുട്ടയും ഭക്ഷിക്കുന്നത് നിർത്തിയിട്ട് ഒരു വർഷത്തിൽ കൂടുതലായി പൂച്ച താഴ്മയോടെ പറഞ്ഞു .അതു കേട്ടതോടെ പൂച്ച കഴുകനെ കാണാൻ സ്ഥിരമായി വരാൻ തുടങ്ങി. അവൻ പക്ഷിക്കുഞ്ഞുങ്ങളെ നോക്കിയതുപോലുമില്ല. കഴുകൻ പൂച്ചയെ വിശ്വസിച്ച് തുടങ്ങി. പക്ഷിക്കുഞ്ഞുങ്ങൾ പൂച്ചയെ കണ്ടാൽ ഭയന്നു കരയാതെ യായി. പൂർണ്ണമായി പൂച്ചയെ വിശ്വസിക്കാൻ തുടങ്ങിയതോടെ ക്ഷീണം തോന്നുമ്പോൾ കഴുകൻ മയങ്ങാൻ പോവുക പതിവായി ഈ സമയം ഉപയോഗിക്കാൻ പൂച്ച

നിശ്ചയിച്ചു. അവൻ കിളിക്കൂട്ടിൽ കയറി കുഞ്ഞുങ്ങളെ ഓരോന്നായി പിടികൂടിതിന്നാൻ ആരംഭിച്ചു പക്ഷി ക്കുഞ്ഞുങ്ങളുടെ എല്ലും തൂവലും കഴുകനെ പൊത്തിൽ കൊണ്ടുചെന്നു നിക്ഷേപിക്കുകയും ചെയ്തു കാഴ്ചയില്ലാത്ത കഴുകൻ ഇതൊന്നും അറിഞ്ഞതുമില്ല പൂച്ച ഈ പ്രവൃത്തി നിർത്താതെ തുടർന്നു. പെട്ടെന്ന് ഒരുദിവസം പക്ഷികൾക്ക് തങ്ങളുടെ കുഞ്ഞുങ്ങളുടെ എണ്ണം കുറയുന്നതായി സംശയം തോന്നി. പക്ഷികൾ സത്യാവസ്ഥ മനസിലാക്കിയെന്ന് അറിഞ്ഞതോടെ പൂച്ച പതുക്കെ സ്ഥലംവിട്ടു. പക്ഷികൾ അന്വേഷണം ആരംഭിച്ചു. അവയ്ക്ക് ആ വൻ മരത്തിൻെറ പരിസരത്തുനിന്നും ഒരു പക്ഷി കുഞ്ഞിനെയോ അതിൻറെ ചിറകു തൂവലോ അവശിഷ്ടങ്ങളോ ഒന്നുംതന്നെ കണ്ടെത്താനായില്ല. അവര്കഴുകനോട് വിവരം**തിരക്കാൻ തീരുമാനിച്ചു**. **കഴുകന്റെ പൊത്തിനരികെ ചെന്നപ്പോൾ അവർ ഞെട്ടിക്കുന്ന ആ കാഴ്ച കണ്ടു**. **പൊത്തിൽ പക്ഷി ക്കുഞ്ഞുങ്ങളുടെ എല്ലുകളും ചിതറി കിടക്കുന്നുണ്ടായിരുന്നു**. **ദുഷ്ടൻ ഇവൻ തന്നെയാണ് നമ്മുടെ കുഞ്ഞുങ്ങളെ കൊന്നുതിന്ന ത്**. **പക്ഷികൾ ഒടുവിൽ ഒരു തീരുമാനത്തിലെത്തി അവർ കഴുകനെ ആക്രമിച്ച് പൊത്തിൽ നിന്ന് താഴേയ്ക്ക് തള്ളിയിട്ടു**. **അവിടെ കിടന്ന് കഴുകൻ അന്ത്യശ്വാസം വലിച്ചു**.

വിഷ്ണു എസ് 9 എ

## കേരളം പ്രളയദിനത്തിൽ




# ഡിജിറ്റൽ മാഗസിൻ-  ഹൈടെക് വിദ്യാലയത്തിന്റെ സർഗാവിഷ്കാരം

അറിവ്, സ്വയം നിർമ്മിക്കേണ്ടതാണ് എന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിൻറെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയ കേവലമായ അറിവിന്റെ വിനിമയത്തിനപ്പുറം  വിദ്യാർത്ഥിയുടെയും അധ്യാപകനെയും സജീവവും പങ്കാളിത്തത്തോടെയും ഉള്ള പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും .അതിനാൽതന്നെ പുതുതലമുറയിൽ ഇവ ഫലപ്രദമായി ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയും വളർത്തിയെടുക്കാൻ നിരന്തരം ശ്രമിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായാണ് "ലിറ്റിൽ കൈറ്റ്സ്" എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക്  പദ്ധതിയിലൂടെ നമ്മുടെ വിദ്യാലയത്തിൽ നടപ്പിലാക്കുന്നത്.ആദ്യകാലങ്ങളിൽ ഇംഗ്ലീഷ് ഭാഷയിൽ മാത്രമേ കമ്പ്യൂട്ടറിൻറെ ഉപയോഗം സാധ്യമായിരുന്നുള്ളൂ. ഇൻറർനെറ്റ് വരവോടുകൂടി കമ്പ്യൂട്ടർ  വളരെ പെട്ടെന്ന് ജനകീയമായി .പ്രാദേശിക ഭാഷകളിൽ കമ്പ്യൂട്ടിംഗ് സാധ്യമാക്കാനുള്ള  ശ്രമങ്ങൾ ലോക വ്യാപകമായി ഉയർന്നുവന്നപ്പോൾ മലയാളം ഉൾപ്പെടെയുള്ള പ്രാദേശിക ഭാഷകൾ കമ്പ്യൂട്ടറിൽ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. അതോടെ ഇൻറർനെറ്റിൽ പ്രാദേശികഭാഷകളുടെ ഉള്ളടക്കം വൻതോതിൽ സംഭരിക്കപ്പെട്ടു.  ഇന്ന് ലോകത്തിലെ ഏതാണ്ടെല്ലാ ഭാഷകളിലും കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാധിക്കും. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ documentation ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ചുമതലയിൽ പെടുന്നതു കൊണ്ട് ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങളിൽ സാമാന്യമായ അവബോധം ഉണ്ടാകേണ്ടതുണ്ട് .അതിന് അവരെ സജ്ജരാക്കുക എന്ന രീതിയിലാണ് മലയാളം കമ്പ്യൂട്ടിങ്ങ് മൊഡ്യൂളുകളിലെ പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.ഇതിന്റെ  ഫലമായാണ് നമ്മുടെ സ്കൂളിലും "**തളിര്** "ഡിജിറ്റൽ മാഗസിൻ പിറവി.

കേരള സൃഷ്ടിക്കായുള്ള നമ്മുടെ പരിശ്രമങ്ങളിൽ പ്രാദേശികഭാഷയുടെ സൗന്ദര്യം ഡിജിറ്റൽ മാഗസിനിലൂടെ പ്രസരിക്കുമ്പോൾ അത് നമ്മുടെ ഹൈടെക്വിദ്യാലയത്തിന്റെ അഭിമാനം കൂടിയാകുന്നു.

സി.കെ. പ്രിയരഞ്ജിനി,

# ലിറ്റിൽകൈറ്റ്സ് സ്കൂൾതലക്ളാസ്സ്



# എന്റെ സ്വപ്നങ്ങളിലെ

## എന്റെ കേരളം

**1956 നവംബർ ഒന്നാണ് നമ്മുടെ ഈ കൊച്ചു കേരളത്തിന്റെ ജന്മദിനമായി നമ്മൾ ആചരിക്കുന്നത് . ഇത്രയധികം സുന്ദരമായ ഈ കേരളത്തിലെ പച്ചക്കുടകളായ മരങ്ങൾ. പരവതാനി വിരിച്ച് പുൽമേട്ടുകളും കളകളം പാടിയൊഴുകുന്ന കാട്ടരുവികളും പൂവും പൂമ്പാറ്റയും തേനും തേനീച്ചയും അങ്ങനെ എല്ലാം കൊണ്ട് സുന്ദരമായിരുന്ന കേരളം.**

അങ്ങനെ അതിലെ ഒരു വില്ലനായി നാം തന്നെ പ്രതീക്ഷിക്കാതെ വന്ന ഒരുവനാണ് "പ്രളയം". എല്ലാവരെയും ഭയപ്പെടുത്തി എല്ലാം നശിപ്പിച്ച് ചില ജീവനും കൊണ്ടുപോയി. കേരളത്തെ തന്നെ കണ്ണീരിലാഴ്ത്തി . എങ്കിലും ഞങ്ങൾ കരകയറി. കാരണം ഇത് കേരളമായിരുന്നു. ആ പ്രണയത്തെ തുടർന്ന് നമ്മുടെ കേരളത്തിൽ, ബഹുമാനവും, സത്യവും, സ്നേഹവും, ഉണ്ടായി. ആ പ്രളയം സമ്മാനിച്ച ഒന്നായിരുന്നു അത്. അങ്ങനെ ഈ കേരളത്തിൽ പ്രളയം എന്നാ വാക്കിനെ തന്നെ ഓരോ ഉറുമ്പുകൾ പോലും

മറക്കാൻ തുടങ്ങി. എങ്കിലും ഉരുൾ പൊട്ടിയ സ്ഥലങ്ങളും മണ്ണിടിഞ്ഞതും എല്ലാം കാണുമ്പോൾ മനസ്സിനകത്ത് എവിടെയോ ഒരു അജ്ഞാത തേങ്ങലിൻെ ശബ്ദം കേൾക്കാം . കുഞ്ഞു മനസ്സുകളുടെ ചുണ്ടിൽ അസ്തമിച്ചുപോയ പുഞ്ചിരി വീണ്ടെടുക്കാൻ ചില മനസ്സുകൾ കൈത്താങ്ങായി വന്നു.

അത് ഇപ്പോഴും അവരുടെ മനസ്സിൽ എവിടെയോ മായാതെ കിടക്കുന്നു . പിന്നെ പ്രളയത്തിന് കാരണം കൊണ്ട് നമ്മൾ തന്നെയായിരുന്നു. ഫ്ലാറ്റുകൾ, കെട്ടിപ്പൊക്കി, അങ്ങനെ ഓരോന്നും. നാം തന്നെ ക്ഷണിച്ചുവരുത്തിയ ഈ പ്രളയത്തിൽ നിന്ന് നമ്മൾ കരകയറി. . വെയിൽ വന്നു ഒരു പുതിയ നാളേക്കുവേണ്ടിയുള്ള ഒരുക്കത്തിലാണ് എല്ലാവരും. ഈ മണ്ണിനെ തന്നെ നശിപ്പിക്കുന്ന പ്ലാസ്റ്റിക്

കേരളത്തിൻറെ നോക്കിലും മൂലയിലും ഉണ്ട് പ്ലാസ്റ്റിക് എന്നതിനെ നമ്മൾ മുഴുവനായും ഉപേക്ഷിക്കുക എങ്കിൽ മാത്രമേ നമ്മുടെ പഴയ തോട്ടം പുഴയും എല്ലാം തിരിച്ചുകിട്ടൂ. അല്ല ഞാൻ പറയട്ടെ


ആദ്യം ഈ കേരളത്തിലുണ്ടായ ആ പഴയ നെൽപ്പാടവും കാപ്പി തോട്ടവും ഇപ്പോൾ അപൂർവ്വമായിട്ടാണ് കാണുന്നത്

നമ്മുടെ കേരളത്തിൻറെ കലയെക്കുറിച്ചും പറയണമല്ലോ. കഥകളി, ഓട്ടൻതുള്ളൽ മോഹിനിയാട്ടം ഇതെല്ലാം കേരളത്തിൻറെ കലകളാണ് വിഷു ദീപാവലി ഓണം ഇവ കേരളത്തിൻറെ പിറവി തൊട്ട് ആചരിക്കുന്ന ആചരിക്കുന്ന ചില ആഘോഷങ്ങളാണ് . ഈ കേരളത്തെ കുറിച്ച് പറയുമ്പോൾ ഒരാളെ മറക്കരുതല്ലോ കരിന്തണ്ടൻ നമ്മുടെ ചുരം കണ്ടുപിടിച്ച ആളാണ് ആ സ്ഥലം ബ്രിട്ടീഷുകാർ കീഴടക്കിയതോടെ എന്നും രാവിലെ ഒരു കറുത്ത മനുഷ്യൻ അതുവഴി ആടുകളെയും മേച്ചുകൊണ്ടു പോകുന്നത് കാണാം ആയേനെ അങ്ങിനെ ബ്രിട്ടീഷുകാർ കരിന്തണ്ടനെ വെടിവെച്ചുകൊന്നു കരിന്തണ്ടൻ ആത്മാവിനെ ഒരു മരത്തിൽ ബന്ധിച്ച് കുറേ പൂജകളും നടത്തി എന്ന പറയപ്പെടുന്നു ആമരത്തിന് ചങ്ങല മരം എന്ന പേരും നൽകി.

ശുചിത്വ കേരളം സുന്ദരകേരളം

വന്ദന എം ജി8 എ

## വർണ്ണന



ദൈവത്തിൻറെ സ്വന്തം നാട് ഇതായിരുന്ന നമ്മുടെ കൊച്ചു കേരളത്തിൻറെ വിശേഷണം. ആ വാക്കുകൾ അർഥവത്താകുന്ന പ്രകൃതി സൗന്ദര്യവും പിന്നെ മായൊരു സമ്പന്നമായൊരു പാരമ്പര്യവും സംസ്കാരവും നമുക്കുണ്ടായിരുന്ന എങ്ങും പച്ചപ്പണിഞ്ഞ് നിൽക്കുന്ന വയലുകളും അണിഞ്ഞുനിൽക്കുന്ന നെൽക്കതിരുകളും കളകളമൊഴുകുന്ന കാട്ടരുവികളും ഹരിതാഭയിൽ മുങ്ങിനിൽക്കുന്ന മലനിരകളും കൊണ്ട് സമ്പന്നമായൊരു പ്രകൃതി നമുക്കുണ്ടായിരുന്നു. സഹ്യനെ മടിയിൽ തലചായ്ച്ചുറങ്ങുന്ന നന്മയുള്ള കേരള ജനതയും സംസ്കാരവും നമ്മുടെ സ്വകാര്യ അഹങ്കാരമാണ്. വയലിൽ പണിയെടുക്കുന്ന കർഷകരും അവരുടെ നാടൻപാട്ടും എല്ലാം സംസ്കാരത്തിൽനിന്നും നമ്മുടെ സംസ്കാരത്തെ വേറിട്ട നിർത്തിയിരുന്ന കേരള കലാരൂപങ്ങൾ കേരള ചരിത്രത്തെ എന്ന ഒന്നും ഓർമിപ്പിക്കുന്ന ഒന്നാണ്. ഔഷധസസ്യങ്ങളും പക്ഷിമൃഗാദികളും കൊണ്ട് സമ്പന്നമായ ഒരു ജൈവവൈവിധ്യം തന്നെ നമുക്കുണ്ടായിരുന്നു. പക്ഷേ ഇത് ഇന്ന് വേദനയോടെ ഓർക്കുന്ന സുന്ദര സ്വപ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. നന്മ നഷ്ടപ്പെട്ട മനുഷ്യൻറെ പൈശാചികമായ ഇടപെടലുകൾ കേരളത്തെയും അതിൻറെ സംസ്കാരത്തെയും ഇല്ലായിമ ചെയ്തുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി മലിനീകരണം കുന്നിടിക്കൽ, മണൽവാരൽ, മരം മുറിക്കൽ തുടങ്ങി ഓരോ രീതിയിൽ മനുഷ്യൻ പ്രകൃതിയെ ഇല്ലായ്മ ചെയ്യുകയാണ്. പാശ്ചാത്യ സംസ്കാരങ്ങളെ അനുകരിച്ച് തനതു സംസ്കാരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വരും തലമുറയ്ക്കായി ഒന്നും കരുതി വച്ചിട്ടില്ല ഈ ദുഷ്പ്രവൃത്തികൾക്ക് എതിരെ പ്രകൃതി ആവും വിധം പ്രതികരിക്കുന്നു അറിയും പ്രണയമായും ഭൂകമ്പം ആയും സുനാമി യായും സ്വാമി വിവേകാനന്ദൻ പറഞ്ഞ വാക്കുകൾ അന്വർത്ഥമാക്കും വിധം കേരളം മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ കേരളം ഒരു ഭ്രാന്താലയം ആവുമോ?

വന്ദന എം.ജി, ക്ളാസ്സ് 6

:
എന്റെ ഗ്രാമം

എന്റെ വിദ്യാലയം

പ്രകൃതിവിഭവങ്ങളുടെ സമ്പന്നതയാൽ ഭൂമിയിലെ സ്വർഗ്ഗമായും, ദൈവത്തിൻറെ സ്വന്തം നാടായും വിശേഷിപ്പിക്കപ്പെടുന്ന മലയാളക്കരയുടെ ആസ്ഥാനമെന്ന വിശേഷണത്തിന്
അർഹമാം വിധം കാലാവസ്ഥയാൽ അനുഗ്രഹീതമാണ് വൈത്തിരി എന്ന കൊച്ചുഗ്രാമം.

വഴിത്തിരിവുകളുടെ നാടായി പറയപ്പെടുന്ന വൈത്തിരിയിൽ നിന്നാണ് മലമ്പാത വയനാടിൻറെ ഉള്ളറകളിലേക്ക് വഴി തിരിഞ്ഞത്.

ആ വഴിത്തിരിവ് വയനാടിൻറെ വിദ്യാഭ്യാസ- സാംസ്കാരിക രംഗങ്ങളിൽ പകർന്നുനൽകാൻ നൂറ്റാണ്ട് പിന്നിട്ട തും ,വയനാട്ടിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നും ആയ ഇപ്പോഴത്തെ വൈത്തിരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന് കഴിഞ്ഞിട്ടുണ്ടെന്ന് ഏറെ അഭിമാനകരമാണ്. വിജയശതമാനത്തിൽ അവസാന പട്ടികയിൽനിന്ന് ജില്ലയിലെ മുൻനിര വിദ്യാലയങ്ങളിൽ ഒന്നായി ഈ സ്ഥാപനത്തെ മാറ്റിയെടുത്തത് പ്രാദേശിക ഭരണകൂടത്തിന്റെയും പൂർവ്വ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വർഷങ്ങൾ നീണ്ട പരിശ്രമത്തിലൂടെയാണ്. കേരളപ്പിറവിക്ക മുൻപ് മലബാർ ഡിസ്ട്രിക് ബോർഡിന് കീഴിൽ ഇ.എസ്.എൽ.സി വരെയും പിന്നീട് യുപി സ്കൂളായും വൈത്തിരി ടൗണിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിച്ച വിദ്യാലയം സർക്കാർ അനുവദിച്ച ഇപ്പോഴത്തെ സ്ഥലത്തേക്ക് 1972 ൽ മാറുകയും, 1980 ൽ ഹൈസ്കൂളായും, 2007 ൽ ഹയർസെക്കൻഡറിയായും ഉയർത്തപ്പെട്ടതിനു ശേഷം ഉണ്ടായ മാറ്റങ്ങൾ ഏറെയാണ്. പ്രീപ്രൈമറി മുതൽ പ്ലസ്ടു വരെയുള്ള വിദ്യാലയത്തിൽ കഴിവുറ്റ അധ്യാപകർക്ക് പുറമേ ഹൈടെക് ക്ലാസ് മുറികളുള്ള മികച്ച കെട്ടിടങ്ങൾ, ലാബുകൾ, ക്ലാസ്സ് റൂം ലൈബ്രറികൾ, എൻഎസ്എസ്, എസ് പി സി, ജെ ആർ സി, ലിറ്റിൽകൈറ്റ്സ്,വിവിധ ക്ലബ്ബുകൾ, കലാകായികരംഗത്ത് പരിശീലനങ്ങൾ, നേട്ടങ്ങൾ എന്നിവയും, സ്കൂൾ ബസും പ്രകൃതിരമണീയമായ പരിസരവും ഈ പൊതുവിദ്യാലയത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നവയാണ്.

കേരളത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട

വിഷയങ്ങളിൽ അധികം സമയമെടുത്ത് പ്രത്യേക പരിശീലനം (remedial കോച്ചിംഗ് ) ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ ലഘുഭക്ഷണം നൽകിക്കൊണ്ട് ഒരു പതിറ്റാണ്ട മുമ്പ് ആരംഭിച്ച വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയൊരു വഴികാട്ടി കൊണ്ടാണ്. ഇപ്പോൾ സംസ്ഥാനത്ത് വ്യാപകമായി കൊണ്ടിരിക്കുന്ന പ്രാദേശിക പിടിഎ  കമ്മിറ്റികൾക്കും ഏതാനും വർഷംമുമ്പ് ഈ വിദ്യാലയം തുടക്കം കുറിച്ചിരുന്നു .ഇനിയും ഈ ഗ്രാമവും, വിദ്യാലയവും നന്മകളിലേക്ക് കാട്ടുന്ന ഒരുപാട് വഴികളിലേക്ക് നമുക്ക് കണ്ണുംനാട്ടിയിരിക്കാം.



പ്രമുഖ് ലിന

# തിരിച്ചറിവ്

ഞാൻ എച്ച്.ഐ.എം.യു.പി.സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഞങ്ങളൊരു അനാഥാലയത്തിലെ
അംഗഹീനതയുള്ളവരെയും,അനാഥരായവരെയും,കുട്ടികൾ,മുതിർന്നവരും ഉൾപ്പെടുന്നവരെയുംസഹായിക്കാൻ തീരുമാനിച്ചു.അതിനായി ഓരോ ക്ലാസിലുംഓരോ ബോക്സ് വച്ചു. അതിൽ ആവശ്യമുള്ള വസ്ത്രങ്ങളും മറ്റു സാധനങ്ങളും നിക്ഷേപിക്കാൻ തീരുമാനിച്ചു. എല്ലാവരും കൂടി കുറഞ്ഞ ദിവസങ്ങൾകൊണ്ട് ആ പെട്ടി നിറച്ചു. അത് അവർക്ക് കൊടുക്കാനായി അഞ്ചാം ക്ലാസിലെ കുട്ടികളെയാണ്
അധ്യാപകർതീരുമാനിച്ചത്. അങ്ങനെ ഞങ്ങളും അധ്യാപകരും കൂടി അങ്ങോട്ട് പോയി .ഞങ്ങൾ പോകുമ്പോൾ വളരെ സന്തോഷത്തോടെ ഒരു ടൂർ പോകുന്ന രീതിയിലാണ് പോയത്. തികച്ചും ഞങ്ങൾക്ക് അറിയില്ലായിരുന്നു അനാഥരും അംഗഹീനരും ആയവരുടെ അടുത്തേക്കാണ് പോകുന്നതെന്ന്. ഞങ്ങൾ എപ്പോഴത്തെയും പോലെ ആർത്തുല്ലസിച്ച് പുറപ്പെട്ടു .ആദ്യം തേയില ഫാക്ടറി, ഫയർഫോഴ്സ് ക്യാമ്പ് എന്നിവിടങ്ങളിലെല്ലാം പോയി. ശേഷം അവസാനമാണ് ഞങ്ങൾ ഇനിയുള്ള വരെ കാണാൻ പോയത്. അവിടെ ചെന്ന് അവരെയെല്ലാം കണ്ടപ്പോൾ ഞങ്ങൾക്ക് എങ്ങിനെ പെരുമാറണമെന്ന് അറിയാതെ പോയി. കാരണം ഒരു തിരിച്ചറിവിൻറെ പക്വത വന്നിട്ടില്ലാത്ത പ്രായമായിരുന്നു. എന്നാൽ അവരുമായി കുറച്ചുസമയം പങ്കിട്ടപ്പോൾ ശരിക്കും സങ്കടമാണോ സഹതാപമാണോ, ഇവരോട് എങ്ങിനെയാണ് പെരുമാറേണ്ടത് എന്നൊന്നും അറിയുന്നില്ല. ഞങ്ങൾ
അവർക്കുവേണ്ടി കൊണ്ടുപോയ വസ്ത്രങ്ങളും മിഠായികളും അവർക്ക് കൊടുത്തപ്പോൾ അവരുടെ സന്തോഷം കണ്ടു കണ്ണ് നിറഞ്ഞു പോയി .ചിലരെ നോക്കിയപ്പോൾ അവരുടെ കണ്ണുകളിൽനിന്നും സ്നേഹത്തിന്റെ അതോ ആഹ്ലാദത്തിന്റെയോ മുത്തുമണികൾ കണ്ണിൽ നിന്നും പൊഴിയുന്നുണ്ടായിരുന്നു. അതുകണ്ടപ്പോൾ ഞാനും ഞാൻ ഒരുപാട് വിഷമിച്ചു. അവരുടെ സ്ഥാനത്ത് നമ്മൾ ആയിരുന്നെങ്കിൽ എന്ന് ഒരുനിമിഷം ചിന്തിച്ചുപോയി

അവിടെ അവിടെ കുറേ അമ്മമാരും മുത്തശ്ശിമാരും ഉണ്ടായിരുന്നു അവർ ഞങ്ങളെ അടുത്തുവിളിച്ച് സ്വന്തം മക്കളെ പോലെ സ്നേഹിച്ചു . പിന്നെ ഞങ്ങൾ നേരെ പോയത് ഞങ്ങളെപ്പോലെയുള്ള കുട്ടികളുടെ അടുത്തേക്കാണ്. അവരുടെ മുറിയിൽ അവരുടെ കഴിവുകൾ വെളിപ്പെടുത്തിയിരിക്കുന്നു. അതുകണ്ടപ്പോൾ ഞാൻ ഒരുനിമിഷം ചിന്തിച്ചുപോയി. എനിക്ക് അച്ഛനുണ്ട് അമ്മയുണ്ട്,കയ്യുണ്ട്,കാലുണ്ട്,കണ്ണുണ്ട്,അങ്ങിനെ എല്ലാം.എന്നിട്ടുംനാം നമ്മുടെ കഴിവുകളെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്.ഇതെല്ലാം ഇവർക്കാണ് ഉണ്ടായിരുന്നതെങ്കിൽഇവർ ലോകത്തിലെ ആരെങ്കിലുംആയിതീരുമായിരുന്നു.

ലിറ്റിൽ കൈറ്റ്സ് വൈത്തിരി

